ജെല്ലിഫിൽസ് കേബിളം ഉണ്ടാക്കുവാനുള്ള പദ്ധതി

* 222 [358] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, വർക്കല രാധാകൃഷ്ണൻ:
,, വി. കേശവൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാക്കോകേബിളംസിൽ 5,000 എൽ. കെ. എം. ജെല്ലി ഫിൽസ് കേബിളം ഉണ്ടാക്കുവാനുള്ള പദ്ധതി ഏതു സ്റ്റേജിലിരിക്കുന്നു;

(ബി) ഇതിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്; ഇതിലെ മുടക്കെത്ര;

(സി) പ്രസ്തുത പദ്ധതി ആറാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നോ? എങ്കിൽ എത്രകോടി രൂപയാണ് നീക്കിവെച്ചത്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) തിരുവല്ലാ താലൂക്കിലുള്ള കുട്ടപ്പുഴ വില്ലേജിൽ ഈ പ്രോജക്ടിന്റെ നടത്തിപ്പിനാവശ്യമായ 18 ഏക്കർ ഭൂമി വാങ്ങിക്കഴിഞ്ഞു. 1,840 ലക്ഷം രൂപ മൂലധന ചെലവുവരുന്ന പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് 13-11-1985-ൽ ഗവൺമെന്റ് അംഗീകരിച്ചു. ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ആക്ട് ഓഫ് ഇൻഡ്യയുടെ ധനസഹായത്തിനായി അപേക്ഷിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രതിനിധികളും അമേരിക്കയിലെ ജനറൽ കേബിളം ഇന്റർ നാഷണൽ ഇൻകോർപ്പറേറ്റഡ് കമ്പനിയുമായും, ഇറ്റലിയിലെ യിആഞ്ചലി ഇൻഡസ്ട്രിസ് എന്ന കമ്പനിയുമായും, സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിനും യന്ത്രോപകരണങ്ങളുടെ ഇറക്കുമതി സംബന്ധിച്ചും ചർച്ചകൾ നടത്തി കൊളാബറേഷൻ വ്യവസ്ഥകൾ പൂർത്തിയാക്കിവരുന്നു.

(ബി) 1984 നവമ്പർ മാസത്തിൽ പ്രോജക്ട് സംബന്ധിച്ച പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന ഗവൺമെന്റ് 213.13 ലക്ഷം രൂപ ഓഹരി മൂലധനമായി മുടക്കിയിട്ടുണ്ട്.

(സി) ആറാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഈ പദ്ധതിക്ക് 250 ലക്ഷം രൂപ നീക്കിവച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly